## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 158 07.03.2017 - ൽ മറുപടിക്ക്

**പുതിയ റേഷൻ കാർഡ് തയ്യാറാക്കുന്നതിലെ കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, പാറക്കൽ അബ്ദുല്ല<br>,, ടി.എ.അഹമ്മദ് കബീർ<br>,, പി.കെ.കുഞ്ഞാലിക്കുട്ടി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള മുൻഗണനാ പട്ടിക തെറ്റ് തിരുത്തി പ്രസിദ്ധപ്പെടുത്തുന്നതിൽ വരുന്ന കാലതാമസം, റേഷൻ കാർഡിന്റെ അച്ചടിയെയും വിതരണത്തെയും എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ: | (എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പൊപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും 20.10.2016 മുതൽ 05.11.2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10.02.2017 ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ എത്രയും വേഗം തിരികെ ലഭ്യമാക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മാർച്ച് മാസം തന്നെ കാർഡുകൾ അച്ചടിച്ച് വിതരണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പുതുക്കിയ റേഷൻ കാർഡിന് അർഹതയുള്ള കുടുംബങ്ങൾ അതു ലഭിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ഗൗരവപൂർവ്വം കാണുന്നുണ്ടോ; | (ബി) | നിലവിലുള്ള റേഷൻകാർഡ് ക്യാൻസൽ ചെയ്തിട്ടില്ല. അതിനാൽ റേഷൻ വാങ്ങുന്നതിനും മറ്റെല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 01.11.2016 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കരട് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട കാർഡിലെ അംഗങ്ങൾക്ക് 5 കിലോഗ്രാം ഭക്ഷ്യ ധാന്യം എ.എ.വൈ. വിഭാഗത്തിന് കാർഡൊന്നിന് 35 കി.ഗ്രാം ഭക്ഷ്യ ധാന്യവും 01.11.2016 മുതൽ നൽകിവരുന്നു. |
| (സി) | എങ്കിൽ പുതുക്കിയതും കുറ്റമറ്റതുമായ റേഷൻ കാർഡുകൾ തയ്യാറാക്കുന്ന നടപടികൾ വേഗത്തിലാക്കി അത് വിതരണത്തിന് സജ്ജമാക്കാമോ ? | (സി) | റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. **2017** മാർച്ച് മാസത്തോടുകൂടി വിതരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ